# ശബരിമലയിലെ സന്നദ്ധസേവകരുടെ ശുചീകരണം മൂന്നു മുതൽ

ശബരിമല: തീർഥാടനത്തിനു മുന്നോടിയായി അയ്യപ്പ സന്നിധിയിൽ അമൃതാനന്ദമയീമഠത്തിൽ നിന്നുള്ള സന്നദ്ധ സേവകരുടെ ശുചീകരണ യജ്ഞം മൂന്നിനു തുടങ്ങും.

സംസ്ഥാന സർക്കാരിന്റെ സീറോ വേസ്റ്റ് പദ്ധതിയുടെ ഭാഗമായി നടക്കുന്ന ശുചീകരണ യജ്ഞത്തിൽ മൂവായിരം സന്നദ്ധ സേവകരെയാണ് അമൃതാനന്ദമയീമഠം രംഗത്തിറക്കുന്നത്. ഔദ്യോഗിക ഉദ്ഘാടനം ഏഴിനു പമ്പയിൽ മുഖ്യമന്ത്രി നിർവഹിക്കുമെങ്കിലും മാലിന്യങ്ങൾ നീക്കുന്നതിന് അതുവരെ കാത്തുനിൽക്കേണ്ടന്നാണ് ഇന്നലെ ഇവിടം സന്ദർശിച്ച മഠത്തിലെ സ്വാമിമാരുടെ വിലയിരുത്തൽ.

കഴിഞ്ഞ തീർഥാടന കാലത്ത് അടിഞ്ഞുകൂടിയ മാലിന്യങ്ങൾ പോലും നീക്കം ചെയ്യാനുണ്ട്. ശുചീകരണ യജ്ഞം നടക്കുന്നതറിഞ്ഞ് മാസപൂജയ്ക്കു താഴെ തിരുമുറ്റം പോലും വൃത്തിയാക്കിയിട്ടില്ല. തീർഥാടന ഒരുക്കങ്ങൾ നേരിട്ടു കാണുന്നതിന് ഏഴിനു മുഖ്യമന്ത്രി സന്നിധാനത്തിൽ എത്തുന്നതിനു മുൻപു പരമാവധി മാലിന്യങ്ങൾ നീക്കണമെന്നാണ് ഇതിന്റെ ചുമതലയുള്ള സ്വാമി ഗുരുദാസ ചൈതന്യ, സ്വാമി തപസ്യാനന്ദ ചൈതന്യ എന്നിവരുടെ തീരുമാനം.

ഇതിനായി സന്നിധാനത്തെ 30 സെക്ടറുകളാക്കി തിരിച്ചു. ഓരോ സെക്ടറിന്റെയും ചുമതല ആശ്രമത്തിലെ ഓരോ ബ്രഹ്മചാരികൾക്കും നൽകി. ഓരോ സെക്ടറിന്റെയും കീഴിൽ 250 മുതൽ 300 വരെ സന്നദ്ധ സേവകർ ഉണ്ടാകും. പമ്പയിലെ ശുചീകരണം നവംബർ ഏഴിന് ആരംഭിക്കും. അവിടം 15 സെക്ടറാക്കി തിരിച്ചു. മഠത്തിലെ സന്യാസിനിമാരും അമൃത കുടുംബങ്ങളിലെ അമ്മമാരുമാണ് പമ്പയിൽ ശുചീകരണം നടത്തുക.

2,000 ബൂട്ടുകൾ, 1,800 കയ്യുറകൾ, 250 മൺവെട്ടി, 2,000 ചൂലുകൾ തുടങ്ങിയവ 30ന് അമൃതാനന്ദമയീമഠത്തിൽ നിന്നു പമ്പയിൽ എത്തിക്കും. കോർഗ്രൂപ്പ് 30 മുതൽ സന്നിധാനത്തും പമ്പയിലും ക്യാംപ് ചെയ്ത് ക്രമീകരണങ്ങൾ നടത്തും.